പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5293 23/05/2017 ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ആരോഗ്യ പരിശോധന വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ.ബഷീർ** | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ആരോഗ്യ പരിശോധന വിഭാഗം ഹോട്ടലുകളിലും മറ്റ് സ്ഥാപനങ്ങളിലും പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കുമോ; | **എ)** ഉണ്ട് |
| **ബി)** എങ്കിൽ ആരോഗ്യ പരിശോധന വിഭാഗം നടത്തിയ പരിശോധനകൾ, കണ്ടെത്തലുകൾ, സ്ഥാപനങ്ങളുടെ പേര് എന്നിവ, ജില്ല തിരിച്ച് വ്യക്തമാക്കുമോ; | **ബി)** വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്. |
| **സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പഴകിയ ഭക്ഷണങ്ങൾ, വൃത്തിഹീനമായ സാഹചര്യം ഇവ ഉൾപ്പെടുന്ന വീഴ്ചകളുടെ പേരിൽ തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ആരോഗ്യ പരിശോധന വിഭാഗം എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഓരോന്നിൽ നിന്നും ഈടാക്കിയ പിഴ എത്ര രൂപയാണ്; എത്ര സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | **സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പഴകിയ ഭക്ഷണങ്ങൾ, വൃത്തിഹീനമായ സാഹചര്യം എന്നിവ ഉൾപ്പെടെയുള്ള വീഴ്ചകളുടെ പേരിൽ ഗ്രാമ പ്രദേശത്തുള്ള 794 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 1,34,450/- രൂപ പിഴയായി ഈടാക്കുകയും 24 സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭകളിൽ നിന്നുള്ള വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്. |
| **ഡി)** ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കുകയും, വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഡ്രസ്സ് കോഡ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ? | **ഡി)** ഇല്ല |

സെക്ഷൻ ഓഫീസർ